# പതിനാലാം കേരള നിയമസഭ
# (പതിനൊന്നാം സമ്മേളനം)

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ:228** 18.06.2018-ൽ മറുപടിയ്ക്ക്

**സ്ത്രീ മത്സ്യത്തൊഴിലാളികൾക്കായി ആവിഷ്കരിച്ച പദ്ധതികൾ**

| ചോദ്യം | മറുപടി |
|---|---|
| ശ്രീമതി യു. പ്രതിഭ ഹരി<br>ശ്രീ. കെ. ദാസൻ<br>ശ്രീ. സി.കൃഷ്ണൻ<br>ശ്രീ. ബി.സത്യൻ | ശ്രീമതി. ജെ. മേഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി): |
| എ) മത്സ്യ വിൽപ്പനയിലും അനുബന്ധ തൊഴിലിലും ഏർപ്പെട്ടിരിക്കുന്ന സ്ത്രീ തൊഴിലാളികളുടെ വരുമാനവും ജീവിത നിലവാരവും ഉയർത്താനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയുടെ വിശദാംശം അറിയിക്കാമോ; ഇതിനായി 'യു.എൻ വിമൻ' വാഗ്ദാനം ചെയ്തിട്ടുള്ള പദ്ധതികൾ ഏതെല്ലാമാണ്; | എ) മത്സ്യവിൽപനയിലും അനുബന്ധതൊഴിലിലും ഏർപ്പെടുന്ന സ്ത്രീ തൊഴിലാളികളുടെ ശാക്തീകരണത്തിനും വരുമാനവും ജീവിത നിലവാരവും ഉയർത്തുന്നതിനായി സൊസൈറ്റി ഫോർ അസിസ്റ്റന്റ് റ്റു ഫിഷർവുമൺ (സാഫ്), മത്സ്യഫെഡ് എന്നിവ മുഖാന്തിരം വിവിധങ്ങളായ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പാക്കി വരുന്നു.<br>യു.എൻ വിമൺ മുമ്പാകെ അവതരിപ്പിച്ചിട്ടുള്ള പദ്ധതികൾ താഴെ പറയുന്നവയാണ്.<br>(1) മത്സ്യത്തൊഴിലാളി വനിതകൾ അടങ്ങുന്ന സെൽഫ് ഹെൽപ്പ് ഗ്രൂപ്പുകൾ ആരംഭിക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്യുക. കൂടാതെ Community Based Organization (CBO) ഉം ആനുപാതിക അടിസ്ഥാനസൗകര്യങ്ങളുടെ വികസനവും ഉറപ്പു വരുത്തുക.<br>(2) മത്സ്യത്തൊഴിലാളി വനിതകൾക്കായി കാര്യശേഷി വികസനത്തിനാവശ്യമുള്ള ട്രയിനിങ്ങുകൾ നൽകുക.<br>(3) മത്സ്യവിൽപന നടത്തുന്ന മത്സ്യത്തൊഴിലാളി വനിതകൾക്കായി വിശ്രമമുറികൾ ഒരുക്കുക.<br>(4) മത്സ്യവിൽപന നടത്തുന്ന മത്സ്യത്തൊഴിലാളി വനിതകൾക്കായി മത്സ്യം കേടുകൂടാതെ സൂക്ഷിക്കുന്നതിന് മത്സ്യസംഭരണ സൗകര്യങ്ങൾ, വിതരണസൗകര്യങ്ങൾ ഏർപ്പെടുത്തുക.<br>(5) മോഡൽ ഫിഷ്മാർക്കറ്റുകൾ, മാലിന്യസംസ്ക്കരണയൂണിറ്റുകൾ സ്ഥാപിക്കുക. |
| ബി) മത്സ്യ വിപണന മേഖലയിൽ തൊഴിലെടുക്കുന്ന സ്ത്രീ തൊഴിലാളികൾ നേരിടുന്ന ചൂഷണം അവസാനിപ്പിക്കുന്നതിനും മത്സ്യ മാർക്കറ്റ് സ്ത്രീ സൗഹൃദമാക്കുന്നതിനും നടപടിയെടുത്തിട്ടുണ്ടോ; | ബി) മത്സ്യത്തൊഴിലാളി സ്ത്രീകളുടെ ജീവിത നിലവാരമുയർത്തുന്നതിനായി സംസ്ഥാനമൊട്ടാകെ ആധുനിക മത്സ്യമാർക്കറ്റുകളുടെ നിർമ്മാണം കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ വഴി നടപ്പിലാക്കിവരുന്നു. ടി പദ്ധതിയിലുൾപ്പെടുത്തി മത്സ്യ വിപണന |

മേഖലയിൽ തൊഴിലെടുക്കുന്ന സ്ത്രീ തൊഴിലാളികൾക്ക് സൗഹൃദമായ രീതിയിൽ സ്ലാബ്, സിങ്ക്, ഡ്രെയിൻ സംവിധാനത്തോടുകൂടിയ വിപണന സ്റ്റാളുകളും പച്ച മത്സ്യത്തിനും ഉണക്കമത്സ്യത്തിനും പ്രത്യേകം സ്റ്റാളുകൾ, ലേല ഹാൾ, മാലിന്യ സംസ്കരണ യൂണിറ്റ്, ചിൽ റൂം സംവിധാനം, ഫ്ളേക്ക് ഐസ് യൂണിറ്റ്, സ്ത്രീകൾക്കായി പ്രത്യേക ടോയ്‌ലറ്റ് സംവിധാനം, സ്ഥല സൗകര്യമുള്ള മാർക്കറ്റുകളിൽ വിശ്രമമുറി എന്നിവ ഒരുക്കിയിട്ടുണ്ട്.

സി) മത്സ്യബന്ധന നിരോധന കാലയളവിൽ തൊഴിൽ ഇല്ലാതാകുന്ന മത്സ്യത്തൊഴിലാളികൾക്ക് നൽകി വരുന്ന ആശ്വാസ ധനം വർദ്ധിപ്പിക്കുന്ന കാര്യം പരിഗണനയിലുണ്ടോ;

സി) കേരളത്തിൽ മത്സ്യത്തൊഴിലാളികളുടെ സമ്പാദ്യ ശീലം വർദ്ധിപ്പിക്കുന്നതിനും പഞ്ഞമാസ കാലയളവിലെ തൊഴിൽ നഷ്ടം മൂലമുണ്ടാകുന്ന സാമ്പത്തിക ബുദ്ധിമുട്ടുകളെ പരിഹരിക്കുന്നതിനുമായി ഫിഷറീസ് വകുപ്പ് 50% കേന്ദ്ര സഹായത്തോടെ 1991-92 വർഷം മുതൽ നടപ്പിലാക്കി വരുന്ന ഒരു ക്ഷേമ പദ്ധതിയാണ് സമ്പാദ്യ സമാശ്വാസ പദ്ധതി 2016-17 വർഷം മുതൽ സമ്പാദ്യ സമാശ്വാസ പദ്ധതിയുടെ ആനുകൂല്യം 2700 രൂപയിൽ നിന്നും 4500 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. 2015-16 വർഷം മുതൽ ഈ പദ്ധതിക്ക് കേന്ദ്രസഹായം ലഭ്യമാകുന്നില്ല. ആയതിനാൽ സർക്കാർ വിഹിതം പൂർണ്ണമായും സംസ്ഥാന സർക്കാരാണ് വഹിക്കുന്നത്.

ഡി) പച്ച മത്സ്യത്തിന്റെ ആദ്യവില്പനാവകാശം മത്സ്യത്തൊഴിലാളികൾക്ക് മാത്രമായി നിജപ്പെടുത്താനും മത്സ്യത്തിൽ രാസവസ്തുക്കൾ ചേർക്കുന്നില്ലെന്ന് ഉറപ്പുവരുത്താനും നടപടിയെടുക്കുമോയെന്ന് വ്യക്തമാക്കുമോ?

ഡി) മത്സ്യത്തിന്റെ ആദ്യ വില്പനാവകാശം മത്സ്യത്തൊഴിലാളികൾക്ക് ഉറപ്പാക്കുന്നതിന് മത്സ്യത്തിന്റെ രാസവസ്തു ചേർത്തുള്ള വില്പന നിയന്ത്രിക്കുന്നത് ലക്ഷ്യമിട്ട് നിയമ നിർമ്മാണം സർക്കാരിന്റെ പരിഗണനയിലുണ്ട്. മത്സ്യത്തിലെ രാസവസ്തുക്കളുടെ സാന്നിദ്ധ്യം അറിയുന്നതിനായി, സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് ടെക്നോളജി വികസിപ്പിച്ചെടുത്ത ടെസ്റ്റ് കിറ്റ് ഉപയോഗിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. മത്സ്യത്തിൽ രാസവസ്തു ചേർത്തുള്ള വില്പന

പരിശോധിക്കുന്നതിനായി ജില്ലകളിൽ സ്ക്വാഡുകൾ രൂപീകരിച്ച് പ്രവർത്തനം നടത്തിവരുന്നു. സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് ടെക്നോളജി വികസിപ്പിച്ചെടുത്ത ടെസ്റ്റ് കിറ്റ് പരിശോധനകളിൽ പ്രയോജനപ്പെടുത്തിവരുന്നു.

സെക്ഷൻ ആഫീസർ